TUESDAY 30.04.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/04/2024

1. സംസ്ഥാനത്തെ 13 ജില്ലകളിലെ വിവിധ സർക്കാർ ഫാമുകളിലായി 11 ലക്ഷത്തോളം വിവിധ ഇനം തെങ്ങിൻ തൈകൾ (നെടിയ ഇനം- 100 രൂപ, കുറിയ ഇനം -100 രൂപ, ഹൈബ്രിഡ് -250 രൂപ നിരക്കിൽ വിൽപനക്കായി (വേനൽക്കാല വിൽപന ഉൾപ്പെടെ) ഫാമുകളിൽ തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് തെങ്ങിൻ തൈകൾ ഫാമിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങാവുന്നതാണ് .

2. കൃഷിഭവനുകൾക്കു പുറമെ കർഷക ഗ്രൂപ്പുകൾക്കും മറ്റ് സംഘടനകൾക്കും മണ്ണ് സാമ്പിളുകൾ പരിശോധനക്കായുണ്ടെങ്കിൽ അതാത് ജില്ലകളിലെ മൊബൈൽ സോയിൽ ടെസ്റ്റിങ് ലാബ് (MSTL)-കൾ നിങ്ങളുടെ പ്രദേശത്തു വന്ന് സൗജന്യമായി മണ്ണ് പരിശോധിച്ച് അന്ന് തന്നെ പരിശോധനഫലവും കർഷകർക്ക് അവബോധ ക്ലാസും സംഘടിപ്പിക്കുന്നു.ജില്ലകളിലെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാലയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരുടെ ഫോൺനമ്പർ

തിരുവനന്തപുരം 9383471213, 9349325699

കൊല്ലം 9383470339, 8921990789

പത്തനംതിട്ട 9383470511, 9946314440

ആലപ്പുഴ 9383470575, 9446026986

കോട്ടയം 9383470716, 9387765742

ഇടുക്കി 9383470830, 9446880695

തൃശ്ശൂർ 9383471412, 9744480965

പാലക്കാട് 9383471469, 9497826489

മലപ്പുറം 9383471628, 9495156068

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കോഴിക്കോട് 9383471792, 9447289615

കണ്ണൂർ 9383472040, 9847973390

കാസർഗോഡ് -04994227428, 9495768847

3. കേരള കാർഷിക സർവകലാശാലയുടെ 2023 വർഷത്തെ ബിരുദദാന ചടങ്ങ് മെയ് മാസം 27 ന് (27.05.2024) നടത്തുന്നതാണ്. 16.05.2023മുതൽ 07.05.2024 വരെയുള്ള കാലയളവിൽ അന്തിമ ഫലം പ്രഖ്യാപിച്ച വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത ചടങ്ങിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 07.05.2024 .വിശദ വിവരങ്ങൾക്ക് www.convocation.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. കാർഷിക സർവ്വകലാശാലയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ ഇഞ്ചിപ്പുല്ല് വിത്തുകൾ (seeds fluff) കിലോയ്ക്ക് 3700/- രൂപ എന്ന നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9744943832, 8075169701 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. വിരിയിപ്പു മുട്ടകൾ 20/-രൂപ നിരക്കിലും ലഭ്യമാണ്. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : 2024 മെയ് 21. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 മെയ് 22. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

## കാർഷിക നിർദ്ദേശം

7. കാച്ചിൽ കൃഷി - മഴ കിട്ടിയാലുടൻ ഒന്നരയടി നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്ത്, 11.25 കിലോഗ്രാം ജൈവവളം ചേർത്ത് മേൽ മണ്ണ് കൊണ്ട് മുക്കാൽ ഭാഗം മൂടുക. ചാണകപ്പാലിൽ മുക്കിയെടുത്ത കാച്ചിൽ കഷ്ണങ്ങൾ നട്ട ശേഷം മണ്ണ് വെട്ടിക്കൂട്ടി ചെറിയ കൂനകളാക്കി പുതയിടണം.